# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നിലമ്പൂർ ഉപതെരെഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും; ആകാംക്ഷയോടെ രാഷ്ട്രീയ കേരളം; ശുഭപ്രതീക്ഷയുമായി മുന്നണികളും സ്ഥാനാർത്ഥികളും

   Counting of votes for Nilambur by-elections to begin shortly; Political Kerala waiting anxiously for the result; Fronts and candidates hopeful of positive result

2. മൂന്ന് സംസ്ഥാനങ്ങളിലെ നാല് നിയമസഭാ ഉപതെരെഞ്ഞെടുപ്പ് ഫലങ്ങളും ഇന്നറിയാം; ഫലം കൃത്യതയോടെ ജനങ്ങളിലെത്തിക്കാൻ പ്രത്യേക ബുള്ളറ്റിനുമായി ആകാശവാണി വാർത്താ വിഭാഗം

   Results of four assembly by-elections in three states to be known today; All India Radio news department to release results accurately

3. ഹൊർമ്മൂസ് കടലിടുക്ക് അടയ്ക്കാനുള്ള തീരുമാനത്തിന് ഇറാൻ പാർലമെൻറിൻറെ  അംഗീകാരം. സ്ഥിതിഗതികൾ വിലയിരുത്തി ലോകരാഷ്ട്രങ്ങൾ; സമാധാനം പുനസ്ഥാപിക്കാൻ ആഹ്വാനം ചെയ്ത് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ

Iran parliament approves decision to close Strait of Hormuz. World nations assess situation; UN Secretary-General calls for restoration of peace

4. ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന കൂട്ടയോട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്യും.

Chief Minister Pinarayi Vijayan to flag off mass run to be organised in Thiruvananthapuram as part of Olympic Day celebrations

5. ഇംഗ്ലണ്ടിനെതിരായ ലീഡ്സ് ടെസ്റ്റിൽ ജസ്പ്രീത് ബുംറയ്ക്ക് അഞ്ചു വിക്കറ്റ്; നാലാം ദിനം ലീഡ് ഉയർത്താൻ ഇന്ത്യ.

Jasprit Bumrah takes five wickets in Leeds Test against England; India to extend lead on fourth day

&&&&&&&&&&&&&&&&&&

## NILAMBUR- BYELECTION

നിലമ്പൂർ ഉപതെരെഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും. ചുങ്കത്തറ മാർത്തോമ ഹയർസെക്കൻഡറി സ്കൂളിൽ തയ്യാറാക്കിയിരിക്കുന്ന വോട്ടെണ്ണൽ കേന്ദ്രത്തിൽ എട്ടു മണിക്ക് വോട്ടെണ്ണൽ തുടങ്ങും. വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ട്രോങ്ങ് റൂം 7.30 ന് തുറക്കും. 263 പോളിംഗ് ബൂത്തുകളിലെ വോട്ടിംഗ് യന്ത്രങ്ങൾക്കായി 14 ടേബിളുകളാണ് തയ്യാറാക്കിയിരിക്കുന്നത്. 19 റൗണ്ടുകളിലായാണ് വോട്ടെണ്ണൽ. മികച്ച ഭൂരിപക്ഷത്തിൽ വിജയിക്കാൻ

ആകുമെന്ന് യുഡിഎഫും മണ്ഡലം നിലനിർത്താനാകുമെന്ന് എൽ ഡി എഫും കരുതുന്നു. പി വി അൻവർ പിടിക്കുന്ന വോട്ടുകൾ നിർണ്ണായകമാകും. നില മെച്ചപ്പെടുത്താൻ ആകുമെന്ന് പ്രതീക്ഷയിലാണ് എൻഡിഎ. 1,76,070 പേരാണ് വോട്ടുചെയ്തത്. ഇതിൽ 1403 പോസ്റ്റൽവോട്ടുകളാണ്. വഴിക്കടവ്, മൂത്തേടം, കരുളായി, എടക്കര, പോത്തുകല്ല്, ചുങ്കത്തറ പഞ്ചായത്തുകളും നിലമ്പൂർ നഗരസഭയും അവസാനം അമരമ്പലം പഞ്ചായത്തുമാണ് എണ്ണുക.

&&&&&&&&&&&&&&&&&&&

## BYPOLL - OTHER STATE

കേരളത്തിലെ നിലമ്പൂരിന് പുറമേ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലെ ഫലങ്ങളും ഇന്നറിയാം. ഗുജറാത്തിൽ രണ്ടും പശ്ചിമ ബംഗാൾ, പഞ്ചാബ് എന്നിവിടങ്ങളിൽ ഓരോ മണ്ഡലങ്ങളിലും ഇന്ന് വോട്ടെണ്ണൽ നടക്കും. ഈ മാസം 19 നാണ് എല്ലാ മണ്ഡലങ്ങളിലും വോട്ടെടുപ്പ് നടന്നത്.

ഫലം കൃത്യതയോടെ ജനങ്ങളിലെത്തിക്കാൻ രാവിലെ 9.30 നും 10.30നും ഉച്ചയ്ക്ക് ശേഷം 03.30 നും ആകാശവാണിയുടെ പ്രത്യേക ബുള്ളറ്റിനുകൾ ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&&

## PM-MULTI NATION VISIT

ഭീകരതയ്ക്കെതിരെ ആഗോള സമവായം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തമാസം ബഹുരാഷ്ട്ര പര്യടനം നടത്തും. ബ്രസീലിൽ 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും. മൊറോക്കോ, അർജന്റീന, ബ്രസീൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, ജോർദാൻ എന്നീ രാജ്യങ്ങളിലാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

**&&&&&&&&&&&&&&&&&&**

**AMIT SHAH- INTRO**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഛത്തീസ്ഗഢിലെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന്, നാരായൺപൂർ ജില്ലയിലെ അബുജ്മാദ് പ്രദേശം സന്ദർശിക്കുകയും ഗ്രാമീണരുമായി സംവദിക്കുകയും ചെയ്യും. ഇർക്ഭട്ടി പ്രദേശത്തെ അതിർത്തി സുരക്ഷാ സേനാ ക്യാമ്പിലെ ജവാന്മാരുമായും അദ്ദേഹം ആശയവിനിമയം നടത്തും. വരുന്ന മഴക്കാലത്തും നക്സൽ വിരുദ്ധ നടപടികൾ തുടരുമെന്ന് ഇന്നലെ റായ്പൂരിൽ കേന്ദ്ര ആഭ്യന്തരമന്ത്രി വ്യക്തമാക്കി. അടുത്ത വർഷം മാർച്ച് 31-നകം മാവോയിസം തുടച്ചുനീക്കാനുള്ള സർക്കാരിന്റെ ദൃഢനിശ്ചയം അദ്ദേഹം ആവർത്തിച്ചു. പുനരധിവാസ പാക്കേജ് പ്രയോജനപ്പെടുത്തി കീഴടങ്ങാനും മുഖ്യധാരയിൽ ലയിക്കാനും മാവോയിസ്റ്റുകളോട് കേന്ദ്ര ആഭ്യന്തര മന്ത്രി അഭ്യർത്ഥിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

**RAJNATH-PRESIDENT BOOK**

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ ഉൾപ്പെടുത്തി പുറത്തിറക്കുന്ന "വിംഗ്സ് ടു ഔർ ഹോപ്പ് - വാല്യം 2" എന്ന പുസ്തകം ഇന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രകാശനം ചെയ്യും. ശ്രീമതി മുർമുവിന്റെ 51 പ്രസംഗങ്ങളുടെ ശേഖരമാണ് വൈകുന്നേരം ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പ്രകാശനം ചെയ്യുന്നത്. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി എൽ. മുരുകൻ എന്നിവരും പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**VICE PRESIDENT-AMITY UNIVERSITY**

അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിൻറെ 100-ാം വാർഷികത്തോടനുബന്ധിച്ച് നോയിഡയിലെ എമിറ്റി സർവകലാശാലയിൽ നടക്കുന്ന വൈസ് ചാൻസലർമാരുടെ ദേശീയ സമ്മേളനം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് ഉദ്ഘാടനം ചെയ്യും. 'ഭാവിയിലെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കൽപ്പം: ഇന്ത്യയുടെ നിർണായക പങ്ക്' എന്നതാണ് ദ്വിദിന ദേശീയ

സമ്മേളനത്തിൻറെ പ്രമേയം. 300 ഓളം വൈസ് ചാൻസലർമാർ നേരിട്ടും 200 പേർ ഓൺലൈനായും സമ്മേളനത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## MUMBAI-NATIONAL CONFERENCE

കേന്ദ്ര-സംസ്ഥാന – കേന്ദ്രഭരണ പ്രദേശങ്ങളിലെ എസ്റ്റിമേറ്റ് കമ്മിറ്റികളുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനത്തിന് ഇന്ന് മുംബൈയിൽ തുടക്കമാകും. ഭരണനിർവ്വഹണത്തിലും സമ്പദ്‌വ്യവസ്ഥയിലും കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ബജറ്റ് എസ്റ്റിമേറ്റുകൾ ഫലപ്രദമായി അവലോകനം ചെയ്യുന്നതിലുള്ള കമ്മിറ്റിയുടെ പങ്കിനെക്കുറിച്ച് ചർച്ചകൾ നടക്കും. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് സമ്മേളനം.

&&&&&&&&&&&&&&&&&&

## OPERATION SINDHU

ഇറാൻ - ഇസ്രയേൽ സംഘർഷം കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാരെ തിരികെയെത്തിക്കാനുള്ള ദൗത്യം ഓപ്പറേഷൻ സിന്ധു തുടരുന്നു. ഇസ്രയേൽ, ജോർദാൻ എന്നിവിടങ്ങളിൽ നിന്നും ഇന്നലെ 160 പേരുടെ ആദ്യ സംഘത്തെ ഒഴിപ്പിച്ചു. ഇറാനിലെ മഷ്ഹദിൽ നിന്നും ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തിയ 285 പേരുടെ സംഘത്തെ വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റ സ്വീകരിച്ചു.

അടുത്ത ദിവസങ്ങളിൽ ഇറാനിൽ നിന്ന് 3 വിമാനങ്ങൾ കൂടി എത്തുമെന്ന് അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&&

**IRAN PARLIAMENT DECISION**

ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ സൈനികാക്രമണങ്ങളെ തുടർന്ന് ഹൊർമ്മൂസ് കടലിടുക്ക് അടയ്ക്കാനുള്ള തീരുമാനത്തിന് അംഗീകാരം നൽകി ഇറാൻ പാർലമെൻറ്. എന്നാൽ ഇറാന്റെ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ ഇത് സംബന്ധിച്ച് ഔപചാരിക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ലോകത്തിലെ ഏറ്റവും നിർണായകമായ എണ്ണ, പ്രകൃതി വാതക കപ്പൽ പാതയായ ഹോർമുസ് കടലിടുക്ക് അടച്ചുപൂട്ടാനുള്ള തീരുമാനം ആഗോള സാമ്പത്തിക അസ്ഥിരതകൾക്ക് കാരണമായേക്കുമെന്നാണ് വിലയിരുത്തൽ. അടച്ചുപൂട്ടൽ നിലവിൽ വന്നാൽ എണ്ണ വില ബാരലിന് 100 യുഎസ് ഡോളറിന് മുകളിൽ ഉയരുമെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു.

&&&&&&&&&&&&&&&&&&&

**HARDEEP PURI - WEST ASIA-INTRO**

പശ്ചിമേഷ്യയിലെ പുതിയ സംഭവവികാസങ്ങൾ കേന്ദ്ര സർക്കാർ നിരീക്ഷിച്ച് വരുന്നതായി കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിങ് പുരി. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഇന്ത്യ വ്യാപാരം

വിപുലീകരിച്ചിട്ടുണ്ടെന്നും ഹൊർമൂസ് കടലിടുക്കിലൂടെയല്ല പല ചരക്കുകളും എത്തിച്ചേരുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഇന്ത്യയിൽ ഊർജ്ജ വിതരണം ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

## UNSC- EMERGENCY MEET (INTRO)

ഇസ്രയേൽ - ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് സുരക്ഷാ സമിതിയുടെ അടിയന്തര യോഗം ചേർന്നു. പ്രതിസന്ധി കൂടുതൽ രൂക്ഷമാകാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമാധാനം പുനസ്ഥാപിക്കണമെന്നും ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അഭ്യർത്ഥിച്ചു.

വിശദാംശങ്ങളിലേക്ക്....

(വോയിസ്)

&&&&&&&&&&&&&&&&&&

## UNSC- EMERGENCY MEET (VOICE)

***ഇറാനെതിരായ യുഎസ് ആക്രമണം മേഖലയിലെ സാഹചര്യം കൂടുതൽ വഷളാക്കിയതായി യു.എൻ സെക്രട്ടറി***

ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. ഏതു വിധേനയും സാധാരണ പൗരന്മാരുടെ സുരക്ഷാ ഉറപ്പാക്കണമെന്നും നയതന്ത്ര മാർഗങ്ങളിലൂടെ പ്രശ്നം പരിഹരിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി. ഇറാൻ ആണവ പദ്ധതി പരിശോധിക്കാൻ അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയെ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം, യുഎസ് ആക്രമണത്തിനെതിരെ സ്വയം പ്രതിരോധിക്കാനുള്ള അവകാശമാണ് വിനിയോഗിക്കുന്നതെന്ന് സുരക്ഷാ സമിതിയിലെ ഇറാന്റെ പ്രതിനിധി അമീർ സയീദ് ഇറവാനി പ്രതികരിച്ചു. യുഎസ് ഇടപെടലുകൾ എക്കാലവും ലോകത്തെ കൂടുതൽ സുരക്ഷിതമാക്കിയിട്ടുണ്ടെന്ന് ഇസ്രായേലിന്റെ യുഎൻ പ്രതിനിധി പറഞ്ഞു. ആക്രമണങ്ങളെ അപലപിച്ച ചൈനീസ് അംബാസഡർ ഇരുരാജ്യങ്ങളോടും സംയമനം പാലിക്കാൻ ആവശ്യപ്പെട്ടു. യു.എസ് ഒരു പണ്ടോറ പെട്ടിയാണ് തുറന്നിരിക്കുന്നതെന്നും നയതന്ത്രത്തിനു അമേരിക്കയ്ക്ക് താൽപര്യമില്ലെന്നും റഷ്യൻ അംബാസഡർ പറഞ്ഞു. എന്നാൽ, അമേരിക്കൻ താവളങ്ങൾക്കോ പൗരന്മാർക്കോ നേരെയുള്ള ഏതൊരാക്രമണത്തിനും തിരിച്ചടി നേരിടേണ്ടി വരുമെന്ന് ഐക്യരാഷ്ട്രസഭയിലെ യുഎസ് അംബാസഡർ ഡൊറോത്തി ഷിയ മുന്നറിയിപ്പ് നൽകി. ന്യൂസ്ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&&

**PIB FACT CHECK-US STRIKE**

ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമറിനിടെ ഇറാനെതിരെ വ്യോമാക്രമണം നടത്താൻ അമേരിക്ക ഇന്ത്യൻ വ്യോമാതിർത്തി ഉപയോഗിച്ചെന്ന പ്രചാരണം തള്ളി കേന്ദ്ര സർക്കാർ. സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ഇത്തരം വാർത്തകൾ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&&

## INTERNATIONAL OLYMPIC DAY

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനം. 1894 ജൂൺ 23-ന് പാരീസിൽ അന്താരാഷ്ട്ര ഒളിമ്പിക് സമിതി സ്ഥാപിതമായതിൻ്റെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശം ഉയർത്തി കേരളത്തിലുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കും. തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന കൂട്ടയോട്ടം മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

&&&&&&&&&&&&&&&&&&

## CRICKET

ഇംഗ്ലണ്ടിനെതിരായ ലീഡ്സ് ടെസ്റ്റിൽ ഇന്ത്യക്ക് ആറ് റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 471നെതിരെ ഇംഗ്ലണ്ട് 465ന് എല്ലാവരും പുറത്തായി. ഇന്ത്യക്ക് വേണ്ടി ജസ്പ്രീത് ബുമ്ര അഞ്ച് വിക്കറ്റെടുത്തു. ഇംഗ്ലണ്ടിനായി ഒല്ലി പോപ്പ് സെഞ്ച്വറി നേടി. ഹാരി ബ്രൂക്ക് 99 റൺസിന്

പുറത്തായി.ബുമ്രയെ കൂടാതെ പ്രസിദ്ധ് കൃഷ്ണ മൂന്നും മുഹമ്മദ് സിറാജ് രണ്ടും വിക്കറ്റെടുത്തു. മൂന്നാം ദിനം കളി നിർത്തുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 90 റൺസെടുത്തിട്ടുണ്ട്. 47 റൺസുമായി കെ എൽ രാഹുലും 6 റൺസുമായി ശുഭ്മാൻ ഗില്ലുമാണ് ക്രീസിൽ.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&

&&&

&